# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.156 — 02.03.2020 ൽ മറുപടിയ്ക്ക്

### ചാക്ക-കോവളം ബൈപാസ് റോഡിൽ വാഹനങ്ങളുടെ അമിതവേഗം

| ചോദ്യം<br>ശ്രീ.എം.വിൻസെന്റ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ചാക്ക മുതൽ കോവളം വരെയുള്ള ബൈപാസ് റോഡിൽ വാഹനങ്ങളുടെ അമിതവേഗം മൂലം അപകടങ്ങൾ പതിവാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 2019-ൽ ഈ മേഖലകളിലുണ്ടായ അപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടു; വെളിപ്പെടുത്താമോ; | (ബി) | 11 പേർ മരണപ്പെട്ടിട്ടുണ്ട്. |
| (സി) | ട്രാഫിക് നിർദ്ദേശങ്ങൾ അടങ്ങിയ ബോർഡുകൾ സ്ഥാപിച്ചും ഗതാഗത പരിശോധന കർശനമാക്കിയും പ്രസ്തുത റോഡിലെ അപകടങ്ങൾ കുറയ്ക്കുവാൻ അടിയന്തര ഇടപെടലുകൾ നടത്തുമോ; വിശദ വിവരം നൽകാമോ? | (സി) | പ്രസ്തുത റോഡിലെ അപകടങ്ങൾ കുറയ്ക്കുന്നതിനായി സൈൻ ബോർഡുകളും സ്പീഡ് ബ്രേക്കറുകളും സ്ഥാപിച്ചിട്ടുള്ളതാണ്. കൂടാതെ traffic beacon, cheetah, highway police എന്നിവർ നിരന്തര പരിശോധനയും, പട്രോളിംഗും നടത്തി വരുന്നുണ്ട്. ഇതിന് പുറമേ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് പോലീസ് സ്റ്റേഷൻ തലത്തിൽ ട്രാഫിക് ബോധവൽക്കരണ പരിപാടികളും വാഹനം ഓടിക്കുന്നവരെയും, റോഡ് ഉപയോഗിക്കുന്ന കാൽനടയാത്രക്കാരെയും ഉൾപ്പെടുത്തി ബോധവൽക്കരണ ക്ലാസ്സുകളും നടത്താറുണ്ട്. മദ്യപിച്ച് വാഹനം ഓടിക്കുന്നവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും അവരെ ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ നടത്തുന്ന ബോധവൽക്കരണ ക്ലാസിൽ നിർബന്ധമായി പങ്കെടുപ്പിക്കുകയും ചെയ്തുവരുന്നു.<br>മദ്യപിച്ച് വാഹനം ഓടിച്ച് ഒന്നിലധികം തവണ |

| | | | |
|---|---|---|---|
| | | | പിടിക്കപ്പെട്ടാൽ 1988 ലെ MV Act സെക്ഷൻ 185 പ്രകാരം കേസ് എടുക്കുന്നതിന് പുറമേ ഡ്രൈവിംഗ് ലൈസൻസ് റദ്ദ് ചെയ്യുന്നതിന് ബന്ധപ്പെട്ട ആർ.ടി.ഒ കൾക്ക് റിപ്പോർട്ട് നൽകുകയും ചെയ്തു വരുന്നു. ജനമൈത്രി പോലീസിന്റെയും സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെയും സേവനം ബോധവൽക്കരണ പരിപാടികളിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. സുരക്ഷാമാർഗ്ഗങ്ങളായ ഹെൽമറ്റ്, സീറ്റ്ബെൽറ്റ് എന്നിവ ധരിക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുകയും, അമിത വേഗത, അശ്രദ്ധമായ ഡ്രൈവിംഗ് എന്നിവ മൂലം ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനായി യുവാക്കൾ, ഡ്രൈവർമാർ എന്നിവരെ ഉൾപ്പെടുത്തിയും ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. |

**സെക്ഷൻ ഓഫീസർ**